(ബി) കയർ വ്യവസായ മേഖലയിലെ തകർച്ച കാരണം പ്രതിസന്ധിയിലായ സഹകരണ സംഘങ്ങൾക്ക് മിനിമം ഗ്യാരന്റി ചാർജ്ജ് അടയ്ക്കാൻ പ്രയാസം നേരിടുന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) കയർ വ്യവസായ മേഖലയിലെ തകർച്ചയും സഹകരണ സംഘങ്ങളുടെ പ്രതിസന്ധിയും കണക്കിലെടുത്ത് മിനിമം ഗ്യാരന്റി സംവിധാനത്തിൽ മാറ്റം വരുത്തുന്നതിനോ ഇളവ് വരുത്താനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മിനിമം ഗ്യാരന്റി എന്ന വ്യവസ്ഥയ്ക്ക് പകരം ഉപയോഗിച്ച വൈദ്യുതി ചാർജ്ജ് ഈടാക്കുക എന്ന നടപടി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) മിനിമം ഗ്യാരന്റി കാലയളവ് 5 വർഷം എന്നത് 10 വർഷമാക്കിയും ഗ്യാരന്റി ചാർജ്ജ് പകുതിയാക്കി കുറച്ചും ഇളവ് അനുവദിക്കുന്ന കാര്യം അഭികാമ്യമാണോ?

ഉത്തരം

(എ) വൈദ്യുതി നൽകുന്നതിനായി പുതുതായി ഏതെങ്കിലും വർക്കുകൾ (ലൈനുകൾ, ട്രാന്റ്സ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുക തുടങ്ങിയവ) ചെയ്യേണ്ടതായി വന്നാൽ, അതിനുള്ള മുതൽ മുടക്കിന്റെ 25% എങ്കിലും പ്രതിവർഷം റവന്യൂ ആയി ഏഴുവർഷത്തേയ്ക്ക് ലഭ്യമാക്കണമെന്നുള്ളതാണ് മിനിമം ഗ്യാരന്റി അടിസ്ഥാനത്തിൽ കണക്ഷന് അപേക്ഷിക്കുന്ന എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ബാധകമായ വ്യവസ്ഥ. സംയോജിത കയർ വികസന പദ്ധതിയിൽപ്പെട്ടവർക്ക് മിനിമം ഗ്യാരന്റി വച്ചാൽ പ്രത്യേക മുൻഗണന നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) മിനിമം ഗ്യാരന്റി തുക അടയ്ക്കാൻ പ്രയാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി—ഇ) വൈദ്യുതി നൽകുന്നതിനാവശ്യമായ ലൈനുകളും ട്രാൻസ്ഫോർമറും മറ്റും സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന മുതൽ മുടക്കിന്, ആനുപാതികമായി ആവശ്യം ലഭിക്കേണ്ട മിനിമം റവന്യൂ ഉറപ്പാക്കാനാണ് മിനിമം ഗ്യാരന്റി സംവിധാനമുള്ളത്. ഇതിൽ ഇളവ് വരുത്തുക പ്രായോഗികമല്ല.

സ്വന്തം ആവശ്യത്തിന് ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും

84 [5328] ശ്രീ. എൻ. ശക്തൻ:
„ എ. കെ. മണി:
„ വർക്കല കഹാർ:
„ എം. എ. ചന്ദ്രശേഖരൻ:
„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം ആവശ്യത്തിന് സ്വയം ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എത്ര സ്ഥാപനങ്ങളും വ്യക്തികളും സംസ്ഥാനത്തുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർ ഉൽപ്പാദനം തുടങ്ങിയതെന്നാണ്;

(സി) ഇവർ ഒട്ടാകെ പ്രതിദിനം എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു;

(ഡി) ഇവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽനിന്നും വൈദ്യുതി ബോർഡിന് എത്ര വൈദ്യുതി നൽകുന്നു;

(ഇ) പവർ ഇന്റൻസീവായ വ്യവസായ ശാലകൾ നടത്തുന്നവർക്ക് ആവശ്യമായ വൈദ്യുതി സ്വയം ഉൽപ്പാദിപ്പിക്കുവാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി) (1) കാർബോറാണ്ടം ലിമിറ്റഡിന്റെ മണിയാർ പ്രോജക്ട്-12 മെഗാവാട്ട് (2) ഇൻഡിൽ ഇലക്ട്രോസ് മെൽറ്റ്സ് പാലക്കാടിന്റെ കൂത്തുങ്കൽ പ്രോജക്ട്-21 മെഗാവാട്ട്. (3) മണിയാർ പ്രോജക്ടിൽ നിന്നും 31-3-1994-ലും, കൂത്തുങ്കൽ പ്രോജക്ടിൽനിന്ന് 1-6-2001-ലും ഉൽപ്പാദനം തുടങ്ങി.

(സി) ജലത്തിന്റെ ലഭ്യത അനുസരിച്ചാണ് ഈ രണ്ട് പ്രോജക്ടിലും ഉൽപ്പാദനം നടക്കുന്നത്. വാർഷിക ഉൽപ്പാദന ശരാശരിയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ, പ്രതിദിനം ഉൽപ്പാദനം മണിയാറിൽ 0.078 മില്യൻ യൂണിറ്റും, കൂത്തുങ്കലിൽ 0.077 മില്യൻ യൂണിറ്റും ആണ്.

(ഡി) ഈ രണ്ട് പദ്ധതികളിൽനിന്നും ഇതുവരെ ബോർഡിന് വൈദ്യുതി നൽകിയിട്ടില്ല.

(ഇ) ആവശ്യപ്പെട്ടിട്ടില്ല.

ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച അപാകതകൾ

85 [5331] ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും അപാകതകൾ സി. എ. ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ആർക്കെങ്കിലും എതിരായി ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ടോ;

(സി) അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly